**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.196**

**17.02.2016 ൽ മറുപടിയ്ക്ക്**

## യുവജനങ്ങൾക്കായി കാർഷിക സാക്ഷരതാ പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**ശ്രീ.ഹൈബി ഈഡൻ**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.പി.സി.വിഷ്ണുനാഥ്** | **ശ്രീമതി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ യുവജനങ്ങൾക്കായി കാർഷിക സാക്ഷരതാ പദ്ധതി സംഘടിപ്പിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | (ബി) യുവജനക്ഷേമ ബോർഡ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, കൃഷി-വിദ്യാഭ്യാസ വകുപ്പുകൾ, അഗ്രി ഫ്രണ്ട്സ്, കൃഷി സാംസ്കാരിക വേദി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സ്കൂളുകളിൽ നടപ്പിലാക്കിയ പദ്ധതിയാണ് കാർഷിക സാക്ഷരതാ പദ്ധതി. ശാസ്ത്ര സാങ്കേതികതയും കൃഷി സാദ്ധ്യതയും പ്രയോജനപ്പെടുത്തി പുതുതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) ജില്ലാ പഞ്ചായത്ത്, കൃഷി-വിദ്യാഭ്യാസ വകുപ്പുകൾ, അഗ്രി ഫ്രണ്ട്സ്, കൃഷി സാംസ്കാരിക വേദി എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയുടെ സംഘാടനത്തിനായി യുവജനക്ഷേമ ബോർഡ് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2013 ആഗസ്റ്റ് 17 ന് കർഷകദിനത്തിൽ കാർഷിക യുവത്വ ശിൽപശാല ഈ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചു. കൂടാതെ കാർഷിക ശിൽപശാലകൾ, തെങ്ങുകയറ്റ പരിശീലനം, കാർഷിക സാക്ഷരതാ രജിസ്റ്റർ പ്രകാശനം , കൃഷി -മൃഗസംരക്ഷണ സാദ്ധ്യതകൾ പരിചയപ്പെടുത്തുന്ന സെമിനാറുകൾ, വിദ്യാർത്ഥികളെ യൂണിറ്റുകളായി തിരിച്ച് കൃഷി |

ചെയ്യിക്കലും വിളവെടുക്കലും, ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കൃഷി പരിശീലനപരിപാടികൾ, വിവിധ കാർഷിക വിദഗ്ധരുമായുള്ള മുഖാമുഖം, കാർഷിക വിളംബര ഘോഷയാത്ര തുടങ്ങിയവ സംഘടിപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**